# ഫ്രണ്ട്സ് ഇടതുപക്ഷ ബദൽ സോഫ്റ്റ്‌വെയറോ?

"ഫ്രണ്ട്സ്- ഇടതുപക്ഷ ബദൽ സോഫ്റ്റ്‌വെയറിന് തിരിച്ചടി" എന്ന റിപ്പോർട്ട് (ലക്കം 9, കേരളീയം) ആണ് ഈ കുറിപ്പിന് ആധാരം. 'ഫ്രണ്ട്സി'നെ ഇടതുപക്ഷ ബദൽ സോഫ്റ്റ്‌വെയർ എന്ന് ലേഖകൻ വിലയിരുത്തിയതിന്റെ പൊരുൾ മനസ്സിലാകുന്നില്ല. കേരളത്തിലേയോ ഇന്ത്യയിലേയോ ഇടതുപക്ഷ കക്ഷികൾ ഇതുവരെ ഐ. ടി രംഗത്തെ ഇടതുപക്ഷ ബദൽ എന്തായിരിക്കുമെന്ന് ഗഹനമായ പഠനം നടത്തിയിട്ടില്ല. ഫ്രണ്ട്സ് ഇടതുപക്ഷ ഭരണകാലത്ത് നടപ്പിലാക്കിയതുകൊണ്ടുള്ള ഒരു തെറ്റിദ്ധാരണയാകാം ലേഖകനെ ഇതിലേക്ക് നയിച്ചത്. ഐ. ടിയെ സാമ്രാജ്യത്വ കുത്തകശക്തികളുടെ സഹായമില്ലാതെ ഒരു ജനകീയസംരംഭമാക്കിയെടുക്കുക എന്ന ഉദ്ദേശ്യം ഇടതുപക്ഷ കക്ഷികൾക്കുണ്ടായിരുന്നു. അതിലേക്കുള്ള ഒരു പടിയെന്ന നിലക്കാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച 'ഫ്രണ്ട്സ്', ഇൻഫർമേഷൻ കേരളമിഷൻ (IKM) എന്നീ പദ്ധതികൾ. പക്ഷെ ഇത് നടപ്പിലാക്കാൻ സർക്കാർ രാഷ്ട്രീയ നിയമനം നടത്തിയ ചില വിദഗ്ദ്ധന്മാരും ഐ. ടിയെ കുറിച്ച് പരമ്പരാഗത കാഴ്ചപ്പാടുള്ള കുറേ ഉദ്യോഗസ്ഥന്മാരും യഥാർത്ഥത്തിൽ സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. അങ്ങനെ ഈ പദ്ധതികൾ പ്രാബല്യത്തിൽ ആയപ്പോൾ അത് ഇടതുപക്ഷ കക്ഷികൾ വിഭാവനം ചെയ്ത ഐ. ടിയുടെ നേരെ എതിർ പതിപ്പായി.

മൈക്രോസോഫ്റ്റ് എന്ന ആഗോളകുത്തക കമ്പനിയുടെ പരോക്ഷമായ ഇടപെടലിലൂടെ വികസിപ്പിച്ചെടുത്തതാണ് കോംടെകിന്റെ 'ഫ്രണ്ട്സ് സോഫ്റ്റ്‌വെയർ. ഫ്രണ്ട്സിന്റെ വ്യാപകമായ ഉപയോഗത്തിലൂടെ കേരളത്തിലെ ഇ. ഗവേർണൻസ് മേഖലയിലേക്ക് മൈക്രോസോഫ്റ്റ് ഉൽപ്പന്നങ്ങൾക്ക് കടന്നുകയറ്റം സുഗമമാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം.

യഥാർത്ഥത്തിൽ ഫ്രണ്ട്സും ഐ. കെ. എമ്മും രണ്ട് പദ്ധതികൾ ആവേണ്ട ആവശ്യമില്ല. ആദ്യം ഗ്രാമതലങ്ങൾ, പഞ്ചായത്ത് തലങ്ങൾ എന്നിവയിലാകണം വകുപ്പുകളുടെ ഏകോപനം നടക്കേണ്ടത്. പഞ്ചായത്ത് കമ്പ്യൂട്ടറൈസേഷൻ ആണ് ഐ. കെ. എംന്റെ ലക്ഷ്യമെങ്കിലും യഥാർത്ഥത്തിൽ ആ പദ്ധതി മുഖേന പഞ്ചായത്തുകൾക്ക് വികേന്ദ്രീകരിച്ച് നൽകിയ അധികാരങ്ങൾ തിരിച്ചു പിടിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെയാണ് ഐ. കെ. എം പദ്ധതി നടപ്പാക്കുന്നതിൽ ഇത്ര കാലതാമസം. യു. ഡി. എഫിന്റെ ഐ. ടി മന്ത്രിക്കു പോലും മൈക്രോസോഫ്റ്റുമായി ബന്ധപ്പെടാൻ എൽ. ഡി. എഫ് സർക്കാർ രാഷ്ട്രീയ നിയമനം നടത്തി നിയമിച്ച ഐ. കെ. എം ഡയറക്ടർ തന്നെ വേണം എന്നത് ഇതിലെ മറ്റൊരു കാണാപ്പുറം.

നിലവിലുള്ള കാര്യക്ഷമമല്ലാത്ത സർക്കാർ സംവിധാനത്തിൽ ഏത് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാലും സർക്കാരിന്റെ പ്രവർത്തനം അല്പം കൂടി മെച്ചപ്പെടുത്താനും അത് ജനങ്ങൾക്ക് ക്യൂ നിൽക്കുന്നത് ഒഴിവാക്കി കൊടുക്കാനുമായാൽ അത് ജനപ്രിയമാകും. പക്ഷെ അതിന് കൊടുക്കേണ്ടി വരുന്ന വിലയെന്തെന്നും ഇതിനേക്കാൾ ഫലപ്രദമായി അവ നടപ്പിലാക്കാൻ കഴിയുമോ എന്നും ജനപ്രിയ വക്താക്കൾ ചിന്തിക്കാറില്ലല്ലോ. ഇവിടെയാണ് പൊതു ഉടമസ്ഥതയിൽ നിലനിൽക്കുന്ന (General Public Lincense) സോഫ്റ്റ്‌വെയറുകളുടെ പ്രസക്തി. കുറഞ്ഞ ചെലവിൽ വികസിപ്പിച്ചെടുക്കാവുന്ന ഇത്തരം സോഫ്റ്റ്‌വെയറുകളെ അവഗണിക്കാൻ യഥാർത്ഥ ഇടതുപക്ഷ സമീപനത്തിന് സാദ്ധ്യമല്ല. വളരെ പ്രചാരം നേടിക്കൊണ്ടിരിക്കുന്നതും കുത്തക കമ്പനികൾക്ക് വെല്ലുവിളി ഉയർത്തുകയും ചെയ്യുന്ന ആർക്കും ഉപയോഗിക്കാവുന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചിരുന്നെങ്കിൽ കോംടെകും ഫ്രണ്ട്സും തമ്മിൽ ഇന്ന് നടക്കുന്ന വടംവലി ഒഴിവാക്കാനും അതിലൂടെ സാമ്പത്തിക ചിലവ് കുറയ്ക്കാനും കഴിയുമായിരുന്നു.

ഡയറക്ടർ
വിവരസാങ്കേതികവിദ്യാ സാമൂഹ്യസംരംഭകത്വ പ്രോത്സാഹന സംഘം.
കണ്ണൂർ